"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E1-25644/12. തീയതി: 23-12-2013

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - പ്രോഗ്രാം ഓഫീസർ, ജില്ലാതല ICDS സെൽ, മലപ്പുറം - ചുമതല മാറ്റി നൽകുന്നത്- സംബന്ധിച്ച്-

പരാമർശം: --

മലപ്പുറം പ്രോഗ്രാം ഓഫീസറായിരുന്ന ശ്രീ.എം.അബ്ദുൾ ഖാദർ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന്, മലപ്പുറം ജില്ലാതല ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസറുടെ പൂർണ്ണ അധിക ചുമതല ടി ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.ഷെരീഫ് ഷൂജയ്ക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സീനിയർ സൂപ്രണ്ട് എന്ന നിലയിലുള്ള ജോലിയോടൊപ്പം ടി തസ്തികയുടെ അധിക ചുമതല കൂടി വഹിക്കുന്നത് ഭരണപരമായി ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് കാണുന്നതിനാൽ, മലപ്പുറം ജില്ലാതല ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസറുടെ പൂർണ്ണ അധിക ചുമതല ഭരണപരമായ സൗകര്യാർത്ഥം കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി.ലൈല.പിയ്ക്ക് മാറ്റി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി.ലൈല.പി അടിയന്തിരമായി പ്രോഗ്രാം ഓഫീസറുടെ ചുമതല ഏറ്റെടുക്കേണ്ടതും, ടി വിവരം ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീ.ഷെരീഫ് ഷൂജ, സീനിയർ സൂപ്രണ്ട്.
2. ശ്രീമതി.ലൈല.പി, സി.ഡി.പി.ഒ, ICDS കാളികാവ് അഡീഷണൽ.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം.
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

DB/2013